ഏവം വദന്തി രാജർഷേ ഋഷയ: കേച നാന്വിതാ:
യത് സ്വവാചോ വിരുധ്യേത നൂനം തേന സ്മരന്ത്യുത (10-77-30)
ക്വ ശോകമോഹൌ സ്നേഹോ വാ ഭയം വാ യേഽജ്ഞസംഭവാ:
ക്വ ചാഖണ്ഡിതവിജ്ഞാനജ്ഞാനൈശ്വര്യ സ്ത്വഖണ്ഡിത: (10-77-31)

*ശുകമുനി തുടർന്നു:*
പ്രദ്യുമ്നൻ തൻെറ തേരാളിയോട് രഥത്തെ പടക്കളത്തിലേയ്ക്കു തന്നെ തിരിച്ചു കൊണ്ടുപോവാൻ ആജ്ഞാപിച്ചു. എന്നിട്ട് ദ്യുമാനെ വെല്ലുവിളിച്ചു. പ്രദ്യുമ്നൻ ദ്യുമാൻെറ തേരിനെയും തേരാളിയെയും കുതിരകളെയും ദ്യുമാനെയും വീഴ്ത്തി. സാല്വൻെറ പടയെ യാദവസൈന്യം തുരത്തി. ഗംഭീരമായ പോരാട്ടം തുടർന്നു.

ഇന്ദ്രപ്രസ്ഥത്തിൽനിന്ന് ദ്വാരകയിലേയ്ക്കു മടങ്ങുന്ന വഴിക്ക് കൃഷ്ണൻ നാട്ടിലെ അശുഭലക്ഷണങ്ങളിൽ നിന്നും യുദ്ധക്കെടുതികളെപ്പറ്റി മനസ്സിലാക്കി. ഉടനേ തന്നെ തലസ്ഥാനനഗരിയിൽ ചെന്ന് വിശദവിവരങ്ങളറിഞ്ഞു. ബലരാമനെ നഗരത്തിൻെറ ചുമതലയേൽപ്പിച്ചിട്ട് സ്വയം സാല്വനെ നേരിടാൻ കൃഷ്ണൻ പുറപ്പെട്ടു. സാല്വൻ കൃഷ്ണനു നേരെയെറിഞ്ഞ കുന്തം ഭഗവാൻ ഛിന്നഭിന്നമാക്കി. സാല്വൻെറ വിമാനത്തിനു നേരെ കൃഷ്ണൻ ശരമാരി തൂകി. അതേസമയം സാല്വൻ എയ്ത ഒരമ്പ് കൃഷ്ണൻെറ കയ്യിൽത്തട്ടി ആയുധത്തിൻെറ ലക്ഷ്യം തെറ്റിച്ചു. കാണികൾ അത്ഭുതം പൂണ്ടു നിൽക്കെ സാല്വന് തൻെറ നേട്ടത്തിൽ അഹങ്കാരം തോന്നി. കൃഷ്ണനെ അധിക്ഷേപിച്ചു സംസാരിക്കാൻ തുടങ്ങി. കൃഷ്ണൻ ശാന്തനായി മറുപടി പറഞ്ഞു. “വീരൻമാർ പൊങ്ങച്ചം പറയാറില്ല. അവരുടെ പ്രവൃത്തികൾ വാക്കുകളേക്കാൾ വലുതത്രെ.”

കൃഷ്ണൻ സാല്വൻെറ തോളെല്ല് തകർത്തു. അയാൾ ചോരതുപ്പി പെട്ടെന്ന് അപ്രത്യക്ഷനായി. അധികം കഴിയും മുൻപ് ഒരപരിചിതദൂതൻ കൃഷ്ണമാതാവ് ദേവകിയിൽ നിന്നുമൊരു ദൂതുമായി വന്നു. “സാല്വൻ അങ്ങയുടെ പിതാവിനെ തട്ടിക്കൊണ്ടു പോയിരിക്കുന്നു.” കൃഷ്ണൻ വാർത്ത കേട്ട് വ്യാകുലനായി കാണപ്പെട്ടു. തൽസമയം സാല്വൻ അവിടെ പ്രത്യക്ഷനായി ഭഗവാൻെറ മുന്നിൽവച്ച് വസുദേവരുടെ തലയറുത്തു. ഇതുകണ്ട് ഭഗവാൻ കുറച്ചു നേരത്തേക്ക് ദു:ഖാർത്തനായി നിന്നു. “പരീക്ഷിത്തേ, ചില മാമുനിമാർ അവരുടെ തന്നെ വിശ്വാസത്തിനും ഭക്തിക്കും എതിരായി ഇങ്ങിനെ ചില ബുദ്ധിഭ്രമങ്ങൾ കൃഷ്ണനുമുണ്ടായെന്നു പറയുന്നു. അജ്ഞതാജന്യമായ മതിഭ്രമവും ദു:ഖവുമെവിടെ? ഏതൊരാളുടെ പാദപങ്കജങ്ങളിൽ നിന്നുതിരുന്ന പൊടി കൊണ്ടു മാത്രം മൗലീകമായ അജ്ഞത ഇല്ലാതാകുന്നുവോ ആ ഭഗവാന് ബുദ്ധിഭ്രമമുണ്ടാകുന്നതെങ്ങിനെ?” കൃഷ്ണൻ സത്യാവസ്ഥ മനസ്സിലാക്കി. സാല്വൻെറ മായികശക്തിയും അയാളുണ്ടാക്കിയ മായാവാസുദേവനും ഉടനേ അപ്രത്യക്ഷമായി.

അതിനുശേഷം കൃഷ്ണൻ വിമാനത്തെ തൻെറ അജയ്യമായ ശരമാരിയിൽ പൊതിഞ്ഞു. വിമാനം തകർന്ന് കടലിൽ വീണു. സാല്വൻ നിലത്തു ചാടി കൃഷ്ണൻെറ നേർക്കു പാഞ്ഞു. കൃഷ്ണൻ അയാളുടെ ഗദ പിടിച്ചിരുന്ന കൈ വെട്ടിക്കളഞ്ഞു. എന്നിട്ട് തൻെറ ചക്രായുധമെടുത്ത് അയാളുടെ തലയും തകർത്തു.

ഇതെല്ലാം കണ്ട് ദേവൻമാർ സന്തോഷിച്ചു. സാല്വൻെറ പട അലമുറയിടാൻ തുടങ്ങി. ശിശുപാലൻെറയും സാല്വൻെറയും സുഹൃത്തായ ദന്തവക്രൻ കൃഷ്ണനെ എതിരിടാൻ വന്നു.